
## കത്തുകൾ




# ബോധനരീതികൾ അശാസ്ത്രീയം

**കേരളത്തിലുള്ള** പോലെ മതസ്ഥാപനങ്ങളും മത പാഠശാലകളും ഇന്ത്യയിൽ ഒരിടത്തുമുണ്ടാകാൻ സാധ്യതയില്ല. എന്നാൽ, പ്രായോഗിക ജീവിതത്തിൽ അതിന്റെ സവിശേഷതകൾ പ്രതിഫലിച്ചു കാണുന്നില്ല. ഇതിന്റെ പ്രധാന കാരണം വികലവും അശാസ്ത്രീയവുമായ അധ്യാപനമാണ്. ഇതിന് അധ്യാപകരെ മാത്രം കുറ്റപ്പെടുത്തുന്നതിൽ അർഥമില്ല.

മദ്റസാ അധ്യാപകരെ അധ്യാപന രംഗത്ത് പരിശീലിപ്പിച്ചെടുക്കാൻ എന്തു സംവിധാനമാണുള്ളത്? അത്യാവശ്യം അറബി അറിയുന്ന ആർക്കും മദ്റസയിൽ അധ്യാപകനാകാം എന്നതാണു സ്ഥിതി. ചില നിർദേശങ്ങൾ മുന്നോട്ടു വെക്കുന്നു:

ഓരോ പ്രദേശത്തുമുള്ള സമുദായ സ്നേഹികളായ വിദ്യാഭ്യാസ വിചക്ഷണരും പ്രഗത്ഭരും പരിശീലനം ലഭിച്ച അധ്യാപകരും മുന്നോട്ടു വന്ന് നേതൃത്വവുമായി സഹകരിച്ച് പരിഷ്കരണങ്ങൾക്ക് നേതൃത്വം നൽകണം.

അധ്യാപകർ സ്വയം വളരാൻ തയാറാവണം. പഠനത്തിനും പരിശീലനത്തിനും മുന്നോട്ടു വരണം. കുട്ടികളെ വ്യക്തിപരമായി ശ്രദ്ധിക്കണം. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സ്വഭാവ സംസ്കരണത്തിനും ഉതകുന്നതാവണം മതവിദ്യാഭ്യാസം എന്ന ബോധം അധ്യാപകനുണ്ടായിരിക്കേണ്ടതാണ്. ഇന്നുള്ള പാഠ്യപദ്ധതി അറിവുപകരലും അതുരുവിടലും മാത്രമാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ ഉള്ളടക്കം എത്രകുട്ടികൾക്ക് മനസ്സിലായിട്ടുണ്ട്? കർമാനുഷ്ഠാനങ്ങളുടെ ആന്തരാർഥത്തിലേക്ക് കുട്ടികളുടെ മനസ്സ് ചെന്നെത്തണം. എന്നാലേ ബോധമണ്ഡലം ഉണരൂ, വിശ്വാസം രൂഢമൂലമാകൂ. നമസ്കാരം, സകാത്ത്, നോമ്പ് തുടങ്ങിയ കർമങ്ങൾ എങ്ങനെയെന്നതിനൊപ്പം എന്തിനാണെന്നുകൂടി കുട്ടികൾ മനസ്സിലാക്കണം.

പാഠ്യപദ്ധതിയിലെ പോരായ്മകളും അശാസ്ത്രീയമായ അധ്യാപന രീതികളുമാണ് കുട്ടികളിൽ വിരസതയുളവാക്കുന്നത്. ഈ വിരസത പിൽക്കാലത്ത് ദീനിൽനിന്നും കുട്ടികൾ അകലാൻ തന്നെ കാരണമാകും.

മദ്റസാ പഠനകാലം കഴിഞ്ഞാലും മതപഠനത്തിന് അവസരമുണ്ടാകണം. ജമാഅത്തെ ഇസ്ലാമിയും മറ്റും നടത്തിക്കൊണ്ടിരിക്കുന്ന ഖുർആൻ പഠന കേന്ദ്രങ്ങൾ നല്ലൊരു മാതൃകയാണ്.

**എ. മുഹമ്മദ് കുഞ്ഞു മാസ്റ്റർ**
**മസ്കത്ത്**

# ഒന്നിനേക്കാൾ നല്ലത് രണ്ട് ഒന്നുകൾ തന്നെ

**ശൈഖ് മുഹമ്മദ്** കാരകുന്നിന്റെ ലേഖനവും ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയുമായുള്ള അഭിമുഖവും സശ്രദ്ധം വായിച്ചു. കുറെ രാഷ്ട്രീയ നേതാക്കളുടെ അഭിപ്രായങ്ങളും കൂട്ടത്തിൽ കണ്ടു. തങ്ങളുടെ പാർട്ടിക്ക് വോട്ട് ചെയ്യുന്നതിൽ ഒന്നിക്കണമെന്നല്ലാതെ, മുജാഹിദുകളുടെ പിളർപ്പിലോ ഐക്യത്തിലോ ഇവർക്ക് പ്രത്യേകിച്ച് താൽപര്യമുണ്ടാവില്ല. അതിനുള്ള വിവരവും ഉണ്ടാവാനിടയില്ല. അവരുടെ അഭിപ്രായങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു പകരം ഏതാനും സാധാരണക്കാരായ മുജാഹിദ് ആശയക്കാരുടെ വിലയിരുത്തലുകൾ കൊടുക്കാമായിരുന്നു.

ഗൗരവമായ പ്രശ്നങ്ങളില്ലാതെ എന്തിന് മുജാഹിദുകൾ രണ്ടായി, ഇത് ഒഴിവാക്കാമായിരുന്നില്ലേ, ഇനിയെങ്കിലും യോജിച്ചുകൂടേ... ഇതാണ് എല്ലാവർക്കും പറയാനുള്ളത്. ചെറിയമുണ്ടത്തിന്റെ മറുപടിയിൽ ഇവക്കുള്ള വിശദീകരണങ്ങളുണ്ട്. ലേഖകർ പറയുന്നത്ര കുഴപ്പങ്ങളോ കലഹങ്ങളോ ഇപ്പോൾ ഇരുവിഭാഗങ്ങളും തമ്മിൽ ഇല്ല എന്നതാണ് സത്യം. ചെറിയ പ്രശ്നങ്ങൾ ഉണ്ടാവുമ്പോഴേക്ക് അവ പെരുപ്പിച്ച് സമുദായത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കാൻ പോന്നതാണ് പിളർപ്പ് എന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ്.

ഈ പിളർപ്പ് സംഭവിക്കരുതായിരുന്നു എന്നതും, നിർഭാഗ്യകരമായ ഈ പിളർപ്പ് സംഘടനയെ കുറിച്ച മതിപ്പു കുറച്ചു എന്നതും ശരിതന്നെ. പക്ഷേ ഇപ്പോൾ വ്യക്തിത്വവും വ്യതിരിക്തതയുമുള്ള രണ്ട് മുജാഹിദ് സംഘടനകളായി ഇവ മാറിക്കഴിഞ്ഞു. യഥാർഥ കെ.എൻ.എം ഏതാണെന്നതും മറ്റും സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥതയുമായി ബന്ധപ്പെട്ട മാത്രം കാര്യങ്ങളാണ്. അത് കോടതികളിലൂടെ തീരുമാനമാവുകയോ സമവായത്തിലൂടെ പരിഹരിക്കുകയോ ആവാം. അതെത്രവേഗത്തിൽ ആവുന്നുവോ അത്രയും നല്ലത്. ഇരു സംഘടനകളും ഐക്യപ്പെടണം എന്നു പറയുന്നത് കേൾക്കാൻ സുഖമുള്ള ഒന്നാണെന്നല്ലാതെ ഒരിക്കലും പ്രായോഗികമോ ആവശ്യമോ ആയ കാര്യമല്ല. ഇത്രയും അകന്ന് കഴിഞ്ഞവർ ഒന്നിച്ചാൽ ഏച്ചു കെട്ടിയപോലെയാവും എന്നതുകൊണ്ടു മാത്രമല്ല ഇത് പറയുന്നത്, വർത്തമാന സാഹചര്യത്തിൽ ഒന്നിനെക്കാൾ രണ്ട് മുജാഹിദ് സംഘടനകൾ പ്രവർത്തിക്കുകയായിരിക്കും സമുദായത്തിന് കൂടുതൽ ഗുണം ചെയ്യുക എന്ന് തോന്നുന്നതുകൊണ്ടു തന്നെയാണ്. ഒരു സംഘടനയായി നിലനിന്നിരുന്ന കാലത്തേക്കാൾ ആവേശവും പ്രവർത്തനവും ഇന്ന് ഇരു ഭാഗത്തുമുണ്ട്. ഒരു സംഘടനയായിരുന്നെങ്കിൽ രംഗത്തേക്ക് വരാൻ സാധ്യത ഇല്ലായിരുന്ന പലരും ഓരോന്നിലും ഭാരവാഹികളും സേവകരുമായിത്തീർന്നിരിക്കുന്നു. വാശിയുണ്ടെങ്കിലേ ചിലർ കർമോത്സുകരാവൂ.

ഈ അഞ്ചു വർഷത്തിനിടക്ക് പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ജീവകാരുണ്യ പ്രവർത്തന കേന്ദ്രങ്ങളും ഇരുവിഭാഗം മുജാഹിദ് സംഘടനകളും പുതുതായി പലയിടത്തും ഉണ്ടാക്കി; ഇപ്പോഴും അത് തുടർന്നു കൊണ്ടിരിക്കുന്നു. ഇവയെല്ലാം ഇല്ലാതാകുന്ന ഒരു അവസ്ഥയിലേക്ക് മുജാഹിദു

കൾ ഇനി തിരിച്ചു പോകണോ എന്ന് ഐക്യത്തിന്റെ അപ്പോസ്തലന്മാർ ചിന്തിക്കണം. രണ്ടു വൻ സമ്മേളനങ്ങൾ നടത്തുന്നതോ ചില്ലറ കശപിശ എവിടെയെങ്കിലും ഉണ്ടാവുന്നതോ മാത്രമല്ലല്ലോ പ്രശ്നം. ഒരു നിലക്ക് ആലോചിച്ചാൽ ഒരു പിളർപ്പിൽ അതൊക്കെ സ്വാഭാവിക പരിണതികളാണ്.

ഐക്യം ഉയർത്തിക്കാട്ടി ഇരു മുജാഹിദ് സംഘടനകളെ ഒന്നിപ്പിക്കാൻ ശ്രമിക്കുന്നവർ, നിലവിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതാ തർക്കത്തിൽ മാധ്യസ്ഥം ഉണ്ടാക്കിയാൽ മതി. ശേഷം ഇരുകൂട്ടരെയും അവരവരുടെ വഴിക്ക് പ്രവർത്തിക്കാൻ വിടുകയാണ് വേണ്ടത്. ഇങ്ങനെ രണ്ടു സംഘടനകളുണ്ടായി എന്നതുകൊണ്ടോ, ഇപ്പോൾ കുറെ സംഘടനകൾ ഉള്ളതുകൊണ്ടോ സാമുദായികമായി യോജിച്ച് പ്രവർത്തിക്കാൻ കഴിയുകയില്ല എന്നില്ലല്ലോ.


**എം. ഖാലിദ് നിലമ്പൂർ**

# ഹിന്ദുത്വ ഫാഷിസത്തിന് മണ്ണൊരുക്കുന്നവർ

**സി.പി.എമ്മിന്റെ** ആദർശപരമായ പതനം കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ ദൂരവ്യാപകമായ പ്രതിഫലനങ്ങളാണുണ്ടാക്കുക. ഒരു ശരാശരി കേരളീയന്റെ ആശയും പ്രതീക്ഷയുമായിരുന്നു കമ്യൂണിസവും മാർക്സിസ്റ്റു പാർട്ടിയും. പാർട്ടിക്കും പ്രത്യയശാസ്ത്രത്തിനും തിരിച്ചുവരാനാവാത്ത തോതിലുള്ള പതനം സംഭവിച്ചതായി കേരളീയൻ മനസ്സിലാക്കിക്കഴിഞ്ഞു. കേരളീയന്റെ രാഷ്ട്രീയ മനസ്സിൽ ഇന്നൊരു ശൂന്യതയാണുള്ളത്. ആ ശൂന്യതയിൽ കയറിപ്പറ്റാൻ ഹിന്ദുത്വ ഫാഷിസം ആസൂത്രിതമായ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഒരു സംഘടന എന്ന നിലയിൽ സംഘ്പരിവാരത്തിന് വളർച്ചയൊന്നുമില്ലെങ്കിലും, ഒരു പ്രത്യയശാസ്ത്രം എന്ന നിലയിൽ തങ്ങളുടെ കാഴ്ചപ്പാടുകളെ പൊതുബോധത്തിന്റെ ഭാഗമാക്കി മാറ്റാൻ ഹിന്ദുത്വത്തിന് കഴിയുന്നുണ്ട്. അരാഷ്ട്രീയവൽക്കരിക്കപ്പെട്ട മധ്യവർഗക്കാരന്റെ മനസ്സിൽ ഹിന്ദുത്വത്തിന് വീരപരിവേഷമാണുള്ളത്.

പത്രങ്ങളും ചാനലുകളും സിനിമയുമെല്ലാം ഒളിഞ്ഞും തെളിഞ്ഞും സവർണ ഹിന്ദുത്വത്തിന്റെ സാംസ്കാരിക ചിഹ്നങ്ങളും രാഷ്ട്രീയ കാഴ്ചപ്പാടുകളും പ്രചരിപ്പിക്കുന്നുണ്ട്. ചില മാധ്യമങ്ങളുടെയെങ്കിലും കമ്യൂണിസ്റ്റു വിരോധത്തിന്റെ കാരണം തന്നെ കമ്യൂണിസ്റ്റു പാർട്ടികളുടെ ഫാഷിസ്റ്റുവിരുദ്ധ കാഴ്ചപ്പാടാണ്. മറ്റെല്ലാ മേഖലകളിലും ജീർണിച്ചു കഴിഞ്ഞെങ്കിലും ഫാഷിസത്തെ ചെറുത്തു നിൽക്കുന്നതിൽ ഇപ്പോഴും കമ്യൂണിസ്റ്റു പാർട്ടികൾ മുന്നിൽതന്നെയുണ്ട്. അതുകൊണ്ടുതന്നെ കമ്യൂണിസ്റ്റു പാർട്ടികളുടെ പൂർണമായ പതനത്തിനു വേണ്ടി അക്ഷമയോടെ കാത്തിരിക്കുന്നത് ഹിന്ദുത്വ വാദികളാണ്. മാധ്യമങ്ങളിലും സമൂഹത്തിന്റെ വിവിധ മേഖലകളിലും നുഴഞ്ഞുകയറി മണ്ണൊരുക്കുകയാണ് ഹിന്ദുത്വ ഫാഷിസ്റ്റുകളെന്ന് വസ്തുതകളെ നിരീക്ഷിക്കുന്നവർ മനസ്സിലാക്കുന്നു. *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ ചീഫ് സബ് എഡിറ്റർ കമൽറാം സജീവ് എഴുതിയ ലേഖനം (ന്യൂസ് ഡസ്കിലെ കാവിയും ചുവപ്പും, *പച്ചക്കുതിര* മാസിക ജനുവരി 2008) ഇതിലേക്കുള്ള വ്യക്തമായ സൂചനയാണ്.

**ഹനീഫ് വളാഞ്ചേരി**




www.jihkerala.org

## ഫാമിലി സോൺ

ആരോഗ്യകരമായ കുടുംബജീവിതത്തിന് വഴികാട്ടുന്ന ഫാമിലി സോൺ ജമാഅത്ത് വെബ്സൈറ്റിൽ ഒരുങ്ങി. സ്ത്രീ-കുടുംബ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സൈനബുൽ ഗസ്സാലിയുടെ 'സ്നേഹപൂർവം', 'സ്ത്രീകളോടുള്ള വർത്തമാനങ്ങൾ' എന്നിവ സോണിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രഫ. ഖുർശിദ് അഹ്മദിന്റെ 'കുടുംബ ജീവിതം ഇസ്ലാമിൽ' എന്ന പുസ്തകത്തിന്റെ ഇ-പതിപ്പും ലഭ്യമാണ്.

## പരീക്ഷിക്കാവുന്ന ഒരു കോഴ്സ്

**കേരളത്തിലെ** ഒരു വിഭാഗം സെക്കന്ററി മതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ പ്രതിസന്ധിയിലാണ്. മതവിദ്യാഭ്യാസത്തോടൊപ്പം പതിനഞ്ചോ പതിനാറോ വയസ്സ് പൂർത്തിയാകുമ്പോൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതി തുടർ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുന്ന ധാരാളം മത സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ഡി.പി.ഇ.പി പരിഷ്കരണത്തോടെ ഈ സ്ഥാപനങ്ങൾ പലതും അടച്ചുപൂട്ടേണ്ടി വന്നു. ഡിഗ്രി കോഴ്സുകൾ പോലും ഓപ്പണായി എഴുതാൻ എല്ലാ യൂനിവേഴ്സിറ്റികളും സൗകര്യം നൽകുമ്പോഴാണ്, നമ്മുടെ വിദ്യാഭ്യാസ ബോർഡ് എസ്.എസ്.എൽ.സിക്ക് പ്രൈവറ്റായി പഠിച്ച് പരീക്ഷ എഴുതാൻ അനുവദിക്കാതിരിക്കുന്നത്.

ഇന്ത്യാ ഗവൺമെന്റിന്റെ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന നാഷ്നൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (എൻ.ഐ.ഒ.എസ്) പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ പ്രൈവറ്റായി പരീക്ഷ എഴുതാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇത് കേരള എസ്.എസ്.എൽ.സിക്ക് തുല്യവുമാണ്. ഈ സിലബസിന് സി.ബി.എസ്.ഇയുടേതിനേക്കാൾ ഭാരം കുറവാണെന്നു മാത്രമല്ല ഇംഗ്ലീഷ്, ഹിന്ദി, ഉറുദു, മലയാളം തുടങ്ങി ഇഷ്ടമുള്ള മീഡിയത്തിൽ പഠിച്ച് പരീക്ഷ എഴുതാനും സാധിക്കുന്നു. എൻ.ഐ.ഒ.എസ് പരീക്ഷയെഴുതി മെഡിസിനും എഞ്ചിനീയറിംഗിനുമൊക്കെ പഠിക്കുന്ന ധാരാളം കുട്ടികളുണ്ട്. 15 വയസ്സു മുതൽ ഏതു പ്രായക്കാർക്കും പരീക്ഷയെഴുതാം. വയസ്സ് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്നുമാത്രം.

ഈ വർഷം പെരുമ്പിലാവ് അൻസാർ ഇംഗ്ലീഷ് സ്കൂളിൽ പ്രവർത്തിക്കുന്ന എൻ.ഐ.ഒ.എസ് സെന്ററിൽ ആയിരത്തോളം വിദ്യാർഥികളാണ് പത്താം തരം പരീക്ഷക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവർ മറ്റു പലതിനും പഠിക്കുന്ന റഗുലർ വിദ്യാർഥികളാണ്. അവർ ഉയർന്ന മാർക്കു വാങ്ങി പാസ്സായി. നിലച്ചുപോയ മതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റും എൻ.ഐ.ഒ.എസിന്റെ കോഴ്സ് പരീക്ഷിക്കാവുന്നതാണ്. ഇംഗ്ലീഷ് മീഡിയം കോഴ്സാണ് കൂടുതൽ ഉത്തമം.

**വി. മൂസ മൗലവി എറവക്കാട്**